പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4689** **27. 06. 2014-** ലെ മറുപടി

നോർക്ക റൂട്ട്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ് സലീഖ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി ക്ഷേമത്തിനായി രൂപീകരിച്ച നോർക്ക റൂട്ട്സിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) ഇല്ല. |
| (ബി) നോർക്ക റൂട്ട്സിന് സംസ്ഥാനത്തിനകത്തും പുറത്തുമായി എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം; | ബി) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരത്തുള്ള ഹെഡ്ഓഫീസിനുപുറമേ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജണൽ ആതന്റിക്കേഷൻ സെന്ററുകളും കണ്ണൂർ, കോട്ടയം, തൃശ്ശൂർ, കൊല്ലം, മലപ്പുറം ജില്ലകളിൽ നോർക്ക സെല്ലുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഡൽഹിയിലും, മുംബൈയിലും എൻ.ആർ.കെ ഡെവലപ്പ്മെന്റ് ഓഫീസും, ചെന്നൈ, ബറോഡ, ബാംഗ്ലൂർ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസുകളും പ്രവർത്തിച്ചുവരുന്നുണ്ട്. |
| (സി) പ്രസ്തുത ഓഫീസുകളിൽ എത്രപേർ ജോലി ചെയ്യുന്നു; അതിൽ സ്ഥിരം/ഡെപ്യൂട്ടേഷൻ/താൽകാലികം/ കരാർ അടിസ്ഥാനം എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; | സി) ഹെഡ്ഓഫീസ്<br>ഡെപ്യൂട്ടേഷൻ – 7<br>കരാർ – 13<br>സ്ഥിരം – 12 |

റീജണൽ ഓഫീസ്, തിരുവനന്തപുരം

| | | |
|---|---|---|
| ഡെപ്യൂട്ടേഷൻ | – | 2 |
| കരാർ | – | 7 |
| സ്ഥിരം | – | 1 |

റീജണൽ ഓഫീസ്, എറണാകുളം

| | | |
|---|---|---|
| ഡെപ്യൂട്ടേഷൻ | – | 2 |
| കരാർ | – | 6 |
| സ്ഥിരം | – | 1 |

റീജണൽ ഓഫീസ്, കോഴിക്കോട്

| | | |
|---|---|---|
| ഡെപ്യൂട്ടേഷൻ | – | 3 |
| കരാർ | – | 8 |
| സ്ഥിരം | – | 3 |

കൊല്ലം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലെ കളക്ടറേറ്റുകളിലെ നോർക്ക സെല്ലുകളിൽ നിലവിൽ 7 പേരെ ദിവസവേതന അടിസ്ഥാനത്തിൽ ആവശ്യാനുസരണം നിയോഗിച്ചുവരുന്നുണ്ട്.

എൻ.ആർ.കെ.ഡെവലപ്പ്മെന്റ് ഓഫീസ്. മുംബൈ

| | | |
|---|---|---|
| ഡെപ്യൂട്ടേഷൻ | – | 1 |
| കരാർ | – | 2 |

എൻ.ആർ.കെ.ഡെവലപ്പ്മെന്റ് ഓഫീസ്. ന്യൂഡൽഹി

| | | |
|---|---|---|
| ഡെപ്യൂട്ടേഷൻ | - | 1 |
| കരാർ | – | 3 |

സാറ്റലൈറ്റ് ഓഫീസ് ബാംഗ്ളൂർ

| | | |
|---|---|---|
| ഡെപ്യൂട്ടേഷൻ | – | 1 |

(ഡി) ഈ ഓരോ വിഭാഗം ജീവനക്കാർക്കും ശമ്പളയിനത്തിൽ പ്രതിമാസം ചെലവഴിക്കുന്ന തുക എത്ര;

ഡി) അന്യത്രസേവനം മുഖേനയുള്ള ജീവനക്കാർ – 821196/– രൂപ

| | |
|---|---|
| സ്ഥിരം ജീവനക്കാർ | – 347492/– രൂപ |
| കരാർ ജീവനക്കാർ | – 491765/– രൂപ |
| ദിവസ വേതനം | – 49000/– രൂപ |

| | |
|---|---|
| (ഇ) മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരുടെ ബന്ധുക്കളോ പേഴ്സണൽ സ്റ്റാഫിന്റെ ബന്ധുക്കളോ പ്രസ്തുത ഓഫീസിൽ ജോലി നോക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ഇ) രേഖകൾ പ്രകാരം ഇതുസംബന്ധിച്ച വിവരം ലഭ്യമല്ല. |
| (എഫ്) ഈ സർക്കാർ വന്ന ശേഷം നോർക്കയ്ക്ക് എത്ര വാഹനങ്ങൾ വാങ്ങി; ആയതിന് നാളിതുവരെ ചെലവഴിച്ച തുക എത്ര; | എഫ്) നോർക്ക വകുപ്പിന് രണ്ട് വാഹനങ്ങളും നോർക്ക റൂട്ട്സിന് ഒരു വാഹനവും വാങ്ങി. ഇതിലേക്കായി നോർക്ക വകുപ്പ് 1962197/- രൂപയും നോർക്ക റൂട്ട്സ് 1105523/- രൂപയും ചെലവഴിച്ചു. |
| (ജി) മുൻ സി.ഇ.ഒ വിദേശയാത്രകൾക്ക് ചെലവഴിച്ച തുക എത്ര; ഇപ്പോഴത്തെ സി.ഇ.ഒ ഈയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ; | ജി) മുൻ സി.ഇ.ഒ 370049/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള സി.ഇ.ഒ വിദേശയാത്ര നടത്തിയിട്ടില്ല. |
| (എച്ച്) നോർക്കയുടെ നിയമാവലി പ്രകാരം സി.ഇ .ഒ., ഐ.എ.എസ്. ആകണമെന്ന വ്യവസ്ഥ നിലനിൽക്കെ ഇപ്പോഴത്തെ സി.ഇ.ഒ.യ്ക്ക് പ്രസ്തുത യോഗ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എച്ച്) നോർക്ക-റൂട്ട്സിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം സർക്കാർ നിയമിക്കുന്ന ഉദ്യോഗസ്ഥനായിരിക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥ പ്രകാരമാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചിട്ടുള്ളത്. |
| (ഐ) നിലവിൽ നോർക്ക റൂട്ട്സിൽ ബാങ്ക് അക്കൗണ്ടുകളിൽ എത്ര കോടി രൂപയുണ്ട്; പ്രസ്തുത ഓഫീസിൽ, സാമ്പത്തിക ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി സർക്കാർ അടിയന്തിരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ ? | (ഐ) നിലവിൽ നോർക്ക റൂട്ട്സിൽ ബാങ്ക് അക്കൗണ്ടിൽ സ്ഥിര നിക്ഷേപമായി 4,26,0000 ₹/- (നാല് കോടി ഇരുപത്തിആറ് ലക്ഷം) രൂപയുണ്ട്. സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Farshad M.

സെക്ഷൻ ഓഫീസർ